**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 760

05.02.2020 ലെ മറുപടിയ്ക്ക്

**പട്ടാമ്പി മണ്ഡലത്തിലെ പ്രീ-മെട്രിക് ഹോസ്റ്റൽ ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | **എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | പട്ടാമ്പി മണ്ഡലത്തിൽ പട്ടിക ജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നിർമ്മിച്ചിട്ടുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത കെട്ടിടം പട്ടികവർഗ്ഗ വികസന വകുപ്പിന് പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് കൈമാറി നൽകുന്നതിന് റവന്യൂ വകുപ്പ് മുഖാന്തിരം നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഹോസ്റ്റൽ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കൊണ്ട് പട്ടിക ജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കായി ഐ.ടി.ഐ./പോളി ടെക്നിക് പോലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി വകുപ്പ് മന്ത്രിക്ക് നൽകിയിട്ടുള്ള നിവേദനങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) & (സി) | നിവേദനങ്ങൾ പരിശോധിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിൽ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കായി ഐ.ടി.ഐ./പോളിടെക്നിക് പോലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (സി) | ഇല്ലെങ്കിൽ നിവേദനങ്ങൾ അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ട് പ്രസ്തുത സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ